KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 17.04.2023

## സർക്കുലർ നമ്പർ 17 /2023 (BD)

വിഷയം : **2023-24 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന പുതിയ ചിട്ടി പദ്ധതി സംബന്ധിച്ച്:-**

സൂചന : 10.04.2023 ൽ നടന്ന 569-ാം ബോർഡ് യോഗത്തിലെ 9906-ാം നമ്പർ തീരുമാനം.

** ** **

ഇക്കഴിഞ്ഞ സാമ്പത്തിക വർഷം നമ്മുടെ സ്ഥാപനം 805 കോടി രൂപയുടെ ഡൊമസ്റ്റിക് ചിട്ടി ബിസിനസ്സാണ് ലക്ഷ്യമിട്ടത് എന്നറിവുള്ളതാണല്ലോ. എന്നാൽ 16.24 കോടി രൂപയുടെ അധിക ബിസിനസ്സ് നേടിയെടുത്തുകൊണ്ട് ആകെ 821.24 കോടി രൂപയുടെ ബിസിനസ്സ് നേട്ടമാണ് നമ്മൾ കൈവരിക്കുകയുണ്ടായത്. അതുപോലെ പ്രവാസി ചിട്ടിയിൽ 20% വളർച്ച നേടി 54.14 കോടി രൂപയുടെ ബിസിനസ്സ് നേടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം (2023-24) ലക്ഷ്യമിട്ടിരിക്കുന്ന 957 കോടി രൂപയുടെ ചിട്ടി ബിസിനസ്സിന്റെ ഏകദേശം 60% ആദ്യ പകുതിയിൽ തന്നെ നേടിയെടുക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ആയതിലേയ്ക്കായി നിരവധി സമ്മാനങ്ങൾ കോർത്തിണക്കി കെ.എസ്.എഫ്.ഇ. ഡയമണ്ട് ചിട്ടികൾ എന്ന പേരിൽ നടപ്പാക്കുന്ന പുതിയ ചിട്ടി പദ്ധതിയുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

### പദ്ധതിയുടെ വിശദാംശങ്ങൾ

| | | |
|---|---|---|
| പദ്ധതിയുടെ പേര് | - | **KSFE ഡയമണ്ട് ചിട്ടികൾ (KSFE DIAMOND CHITS)** |
| കാലയളവ് | - | 2023 ഏപ്രിൽ 17 മുതൽ സെപ്റ്റംബർ 30 വരെ |

### ലക്ഷ്യം

| | | |
|---|---|---|
| ഡൊമസ്റ്റിക് ചിട്ടി | - | 500 കോടി രൂപ |
| പ്രവാസി ചിട്ടി (DBC) | - | 40 കോടി രൂപ |
| **മൊത്തം** | - | **540 കോടി രൂപ** |

### സമ്മാനങ്ങൾ

| | | |
|---|---|---|
| **ബമ്പർ സമ്മാനം**<br>(സംസ്ഥാനതലം) | - | **25 ലക്ഷം** രൂപ വിലയുള്ള **ഡയമണ്ട് ആഭരണങ്ങൾ**<br>അല്ലെങ്കിൽ<br>പരമാവധി **25 ലക്ഷം രൂപ (ഒരാൾക്ക്)** |
| **മേഖലാതലസമ്മാനങ്ങൾ** | - | ഓരോ മേഖലയിലും ഒരാൾക്ക് **10 പവൻ സ്വർണ്ണം** വീതം<br>അല്ലെങ്കിൽ<br>**4.50 ലക്ഷം** രൂപ വീതം (**16 പേർക്ക്**)<br>(ഏതാണോ കുറവ് അത്) |

**ശാഖാ തല സമ്മാനങ്ങൾ**

| | | |
|---|---|---|
| 75ലക്ഷം രൂപ വരെ ചിട്ടിയുടെ വാർഷിക ലക്ഷ്യമുള്ള ഓരോ ശാഖയും | - | **3 പേർക്ക് 10000/-** രൂപയുടെ സ്വർണ്ണനാണയം വീതം<br>അല്ലെങ്കിൽ<br>10000/- രൂപ വീതം |

| | | |
|---|---|---|
| 75ലക്ഷം രൂപയ്ക്ക് മുകളിൽ 1.50 കോടി രൂപവരെ ചിട്ടിയുടെ വാർഷിക ലക്ഷ്യമുള്ള ഓരോ ശാഖയ്ക്കും | - | **5 പേർക്ക് 10000/-** രൂപയുടെ സ്വർണ്ണനാണയം വീതം<br>അല്ലെങ്കിൽ<br>10000/- രൂപ വീതം |
| 1.50 കോടി രൂപയ്ക്കു മുകളിൽ ചിട്ടിയുടെ വാർഷിക ലക്ഷ്യമുള്ള ഓരോ ശാഖയ്ക്കും | - | **8 പേർക്ക് 10000/-** രൂപയുടെ സ്വർണ്ണനാണയം വീതം<br>അല്ലെങ്കിൽ<br>10000/- രൂപ വീതം |
| **ഡിജിറ്റൽ ബിസിനസ്സ് സെന്റർ** | - | (1) **ഒരാൾക്ക് 10 പവൻ സ്വർണ്ണം**<br>അല്ലെങ്കിൽ<br>**4.50 ലക്ഷം രൂപ**<br>(ഏതാണോ കുറവ് അത്) |
| | - | (2) **10 പേർക്ക് 10000** രൂപയുടെ സ്വർണ്ണനാണയം വീതം<br>അല്ലെങ്കിൽ<br>10000/- രൂപ വീതം |

**ബമ്പർ സമ്മാന നറുക്കെടുപ്പിൽ ഡിജിറ്റൽ ബിസിനസ്സ് സെന്ററിലെ വരിക്കാരെയും ഉൾപ്പെടുത്തുന്നതാണ്.**

**"കെ.എസ്.എഫ്.ഇ ഡയമണ്ട് ചിട്ടികളുടെ"** പ്രത്യേകതകൾ

1. ചിട്ടിയിൽ 5% തവണകൾ അടച്ച് കഴിഞ്ഞാൽ തിരിച്ചടവ് ശേഷിക്കനുസരിച്ച് സലയുടെ 50% വരെ ചിട്ടി ലോൺ അനുവദിക്കാവുന്നതാണ്.

2. നറുക്കെടുപ്പ ദിവസം മുടക്കമില്ലാതെ തവണ സംഖ്യകൾ അടച്ചിട്ടുള്ള വരിക്കാരെയാണ് സമ്മാനങ്ങൾക്ക് വേണ്ടിയുള്ള നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നത്.

3. **കെ.എസ്.എഫ്.ഇ ഡയമണ്ട് ചിട്ടികളിൽ** പദ്ധതി കാലയളവിനുള്ളിൽ തന്നെ സബ്സ്റ്റിറ്റ്യൂഷനിലൂടെ അംഗമാകുന്നവർക്കും സമ്മാന നറുക്കെടുപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്.

4. കെ.എസ്.എഫ്.ഇ.യിലെ സ്ഥിരം ജീവനക്കാരുടേയും ഏജന്റുമാരുടേയും അപ്രൈസർമാരുടേയും പേരിലുള്ള ചിട്ടികൾ നറുക്കെടുപ്പിന് പരിഗണിക്കുന്നതല്ല.

5. സമ്മാനങ്ങൾക്ക് ബന്ധപ്പെട്ട നികുതി ബാധകമാണ്.

6. ബമ്പർ സമ്മാനത്തിന്റേയും മേഖലാ തല സമ്മാനങ്ങളുടേയും നറുക്കെടുപ്പ് ഹെഡ് ഓഫീസ് തലത്തിൽ നടത്തുന്നതാണ്. എന്നാൽ ശാഖാ തലത്തിലുള്ള സമ്മാനങ്ങളുടെ നറുക്കെടുപ്പ് അതാതു മേഖലാ ഓഫീസുകൾ നല്ല രീതിയിലുള്ള പരസ്യ പ്രചരണത്തോടുകൂടി നടത്തേണ്ടതാണ്. ഡിജിറ്റൽ ബിസിനസ്സ് സെന്ററിലെ സമ്മാനങ്ങളുടെ (ബമ്പർ സമ്മാനം ഒഴികെ) നറുക്കെടുപ്പ് അതേ ഓഫീസിൽവെച്ചാണ് നടത്തേണ്ടത്.

7. പരമാവധി High Denomination ചിട്ടികളും മൾട്ടി ഡിവിഷൻ ചിട്ടികളും ഈ പദ്ധതി കാലയളവിൽ തന്നെ ആരംഭിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. കൂടുതൽ എണ്ണം ചിട്ടികൾ ചെയ്തു കൊണ്ട് പദ്ധതി കാലയളവിനുള്ളിൽ തന്നെ എല്ലാ മേഖലകളും, ശാഖകളും നിർദ്ദിഷ്ട ബിസിനസ്സ് ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്.

**<u>കെ.എസ്.എഫ്.ഇ ഡയമണ്ട് ചിട്ടികളുടെ മേഖലാ അടിസ്ഥാനത്തിലുള്ള ലക്ഷ്യം</u>**

| Sl. No. | Name of Region | Annual Target (Rs. in Cr) | KSFE Diamond Chittikal -Target (Rs. in Cr) |
|---|---|---|---|
| 1. | Thiruvananthapuram (Urban) | 85.48 | 48.30 |
| 2. | Thiruvananthapuram (Rural) | 48.82 | 27.58 |
| 3. | Kollam (Urban) | 64.80 | 36.61 |
| 4. | Kollam (Rural) | 43.27 | 24.45 |
| 5. | Pathanamthitta | 45.61 | 25.77 |
| 6. | Alappuzha | 72.62 | 41.03 |
| 7. | Kottayam | 71.45 | 40.34 |
| 8. | Kattapana | 32.00 | 18.08 |
| 9. | Ernakulam (Urban) | 62.08 | 35.08 |
| 10. | Ernakulam (Rural) | 46.22 | 26.11 |
| 11. | Thrissur | 77.80 | 43.96 |
| 12. | Palakkad | 46.69 | 26.38 |
| 13. | Malappuram | 44.74 | 25.28 |
| 14. | Kozhikode (Urban) | 52.06 | 29.41 |
| 15. | Kozhikode (Rural) | 33.61 | 18.99 |
| 16. | Kannur | 57.75 | 32.63 |
| 17. | Digital Business Centre | 72.00 | 40.00 |
| | | **957.00** | **540.00** |

**കെ.എസ്.എഫ്.ഇ ഡയമണ്ട് ചിട്ടികൾ** വൻ വിജയമാക്കുവാനും, ലക്ഷ്യം കൈവരിക്കുവാനും ജീവനക്കാരും ഏജന്റുമാരുമുൾപ്പെടെയുള്ള എല്ലാ കെ.എസ്.എഫ്.ഇ അംഗങ്ങളും കൂട്ടായി പ്രവർത്തിക്കേണ്ടതാണ്. പരസ്യ പ്രചാരണങ്ങൾക്കാവശ്യമായ നോട്ടീസുകളുടെയും, ബാനറുകളുടെയും മാതൃക ഉടൻ തന്നെ അയക്കുന്നതാണ്. അത് പ്രകാരം നോട്ടീസുകളും ബാനറുകളും ശാഖാതലത്തിൽ പ്രിന്റ് ചെയ്ത് പരസ്യ പ്രചാരണം നടത്തേണ്ടതാണ്. മേഖലാ / ശാഖാതല പരസ്യ ചെലവുകളുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങൾ താമസംവിനാ അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To:**എല്ലാ ശാഖാ തലവൻമാർക്കും**
പകർപ്പ്:

| | | | |
|---|---|---|---|
| i. | എല്ലാ മേഖല ഓഫീസുകൾക്കും : | iv. | എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും |
| ii. | ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും | v. | എം.ഡി. യുടെ പി.എ. |
| iii. | എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും | vi. | സർക്കുലർ ഫയൽ |